# "ഭരണഭാഷ മാതൃഭാഷ"

## **<u>കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം</u>**

കോളേജ് വിദ്യാഭ്യാസ വകുപ്പ് - പ്ലാൻ ഫണ്ട് 2020-21 - "2202-03-103-51 Students Support Welfare & Outreach" - മടപ്പള്ളി ഗവ കോളേജ് - ജീവനി - സൈക്കോളജി അപ്രന്റീസ് റെമ്യൂണറേഷൻ - പുതുക്കിയ ഭരണാനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ:P3/19932/2019/DCEതിരുവനന്തപുരം　　　　തീയതി:26.11.2020

---

*പരാമർശം:*-1.31.08.2019 ലെ ഇതേ നം ഉത്തരവ്
2.മടപ്പള്ളി ഗവ കോളേജ് പ്രിൻസിപ്പാൾ സമർപ്പിച്ച പ്രൊപ്പോസൽ

**<u>ഉത്തരവ്</u>**

2020-21 സാമ്പത്തിക വർഷം വിദ്യാർത്ഥികൾക്ക് സഹായം , അവരുടെ ക്ഷേമം, വിപുലത എന്നിവയ്ക്കായി "2202-03-103-51 Students Support, Welfare & Outreach" ശീർഷകത്തിൽ 500 ലക്ഷം ( അഞ്ഞൂറ് ലക്ഷം രൂപ ) അനുവദിച്ചിട്ടുണ്ട്. ടി ശീർഷകത്തിലെ മുഖ്യ ഘടകമാണ് ജീവനി കോളേജ് മെന്റൽ അവയർനെസ്സ് പദ്ധതി .

പരാമർശം (1) പ്രകാരം 2019-20 സാമ്പത്തിക വർഷം മടപ്പള്ളി ഗവ കോളേജിന് ജീവനി- സൈക്കോളജി അപ്പ്രന്റീസിന്റെ വേതന ഇനത്തിൽ അനുവദിച്ച തുകയിൽ 2020 മാർച്ച് മാസത്തെ വേതന ബില്ല് ട്രഷറിയിൽ നിന്നും പാസ്സാകാതിരുന്ന സാഹചര്യത്തിൽ പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ച് നല്കുന്നതിനായി പ്രിൻസിപ്പാൾ സൂചന (2) പ്രകാരം അപേക്ഷിച്ചിരുന്നു. പ്രസ്തുത ആവശ്യത്തിനായി അനുവദിച്ച തുക കോളേജിന് ആവശ്യമാണെന്ന് ബോധ്യമായ സാഹചര്യത്തിൽ ടി കോളേജിന് ചുവടെ പറയും വിധം ഭരണാനുമതി പുതുക്കി തുക അനുവദിച്ച് ഉത്തരവാകുന്നു.

| Sl. No | Name of College | Amount | Remarks |
|---|---|---|---|
| 1 | ഗവ കോളേജ് മടപ്പള്ളി | Rs.16,000/- | ജീവനി - സൈക്കോളജി അപ്പ്രന്റീസ് റെമ്യൂണറേഷൻ (2020 മാർച്ച് മാസം ) |
| ആകെ തുക : Rs.16,000/- ( രൂപ പതിനാറായിരം മാത്രം ) | | | |

പദ്ധതി വിഹിതം തുക ചെലവഴിക്കുമ്പോൾ നിലവിലുള്ള നിയമങ്ങളും സർക്കാർ ഉത്തരവുകളും കർശനമായി പാലിക്കേണ്ടതും അനുവദിക്കുന്ന തുക നിർദിഷ്ട പ്രവർത്തികൾക്കായി മാത്രമാണ് വിനിയോഗിക്കുന്നതെന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവി ഉറപ്പ് വരുത്തേണ്ടതുമാണ്.

പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷം " 2202-03-103-51 Students Support Welfare & Outreach " ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ് .

# Approval Valid

Digitally Approved By
വിഗ്നേശ്വരി വി ഐ.എ.എസ്സ്
Date: 26.11.2020
Reason: Approved

Sd/-
വിഗ്നേശ്വരി വി ഐ.എ.എസ്സ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
0471-2303548
dirdce.colledn@kerala.gov.in

പകർപ്പ്,

1. പ്രിൻസിപ്പാൾ , ഗവ കോളേജ് , മടപ്പള്ളി
2 .ബജറ്റ് സെക്ഷൻ
3. നടപ്പ് ഫയൽ / കരട് ഫയൽ